'ഭരണഭാഷ- മാതൃഭാഷ'

# കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ അസിസ്റ്റന്റായി സേവനമനുഷ്ഠിക്കുന്ന ഇടുക്കി പുറപ്പുഴ ഗവൺമെന്റ് പോളിടെക്നിക്കിലെ കമ്പ്യൂട്ടർ എഞ്ചിനീയറിംഗ് ഡെമോൺസ്ട്രേറ്ററായ ശ്രീമതി.എച്ച്.ബീനയുടെ അന്യത്ര സേവനകാലാവധി 04/07/2019 മുതൽ ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇ.എം) വകുപ്പ്**

**സ.ഉ.(സാധാ) നം.1622/2019/തസ്വ.ഭ.വ** തീയതി, തിരുവനന്തപുരം, 29/07/2019

---

പരാമർശം: 1 സ.ഉ (സാധാ) നം.1784/2018/ത.സ്വ.ഭ.വ, തീയതി : 30/06/2018.

2 സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ 14.06.2019 ലെ ഇ.സി.4/2135/2018/ഡി.റ്റി.ഇ നമ്പർ കത്ത്.

3 സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറിയുടെ 25.06.2019 ലെ എസ്.ഇ.സി/534/2018-എ1 നമ്പർ കത്ത്.

**ഉത്തരവ്**

മേൽ പരാമർശം (1) ഉത്തരവ് പ്രകാരം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ അസിസ്റ്റന്റ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ഇടുക്കി പുറപ്പുഴ ഗവൺമെന്റ് പോളിടെക്നിക്കിലെ കമ്പ്യൂട്ടർ എഞ്ചിനീയറിംഗ് ഡെമോൺസ്ട്രേറ്ററായ ശ്രീമതി.എച്ച്.ബീനയുടെ അന്യത്ര സേവനകാലാവധി 03/07/2019 ൽ അവസാനിക്കുകയാണെന്നും 04/07/2019 മുതൽ ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ച് നൽകണമെന്നും പരാമർശം (3) പ്രകാരം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറി ആവശ്യപ്പെട്ടിരുന്നു. ശ്രീമതി ബീന.എച്ച് ന്റെ അന്യത്ര സേവനകാലാവധി 04/07/2019 മുതൽ ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിക്കുന്നതിന് സാങ്കേതിക വിദ്യഭ്യാസ വകുപ്പിന് ആക്ഷേപമില്ലെന്ന് സാങ്കേതിക വിദ്യഭ്യാസ ഡയറക്ടർ പരാമർശം (2) പ്രകാരം അറിയിച്ചിട്ടുമുണ്ട്.

സർക്കാർ ഇക്കാര്യം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ അസിസ്റ്റന്റ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ഇടുക്കി പുറപ്പുഴ ഗവൺമെന്റ് പോളിടെക്നിക്കിലെ കമ്പ്യൂട്ടർ എഞ്ചിനീയറിംഗ് ഡെമോൺസ്ട്രേറ്ററായ ശ്രീമതി.എച്ച്.ബീനയുടെ അന്യത്ര സേവനകാലാവധി നിലവിലെ വ്യവസ്ഥകൾക്ക് വിധേയമായി 04/07/2019 മുതൽ ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ബീനമോൾ കെ ജെ**

**ഡെപ്യൂട്ടിസെക്രട്ടറി**

സെക്രട്ടറി, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം.

സാങ്കേതിക വിദ്യഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ, ഗവൺമെന്റ് പോളിടെക്നിക്ക്, പുറപ്പുഴ, ഇടുക്കി (സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ മുഖാന്തിരം)

ശ്രീമതി.എച്ച്.ബീന, അസ്സിസ്റ്റന്റ്, കേരള സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

ഉന്നതവിദ്യാഭ്യാസ വകുപ്പ്.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ (വെബ് & ന്യൂ മീഡിയ) വകുപ്പ്.

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ&ഇ), കേരള, തിരുവനന്തപുരം.

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ